പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2516** **09/07/2015-ൽ മറുപടിയ്ക്ക്**

**<u>വെഞ്ഞാറമൂട് യു.പി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ** | | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| എ) | വെഞ്ഞാറമൂട് ഗവൺമെന്റ് യു.പി സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നു എന്നുള്ള വിവരം അറിയിക്കുമോ; | എ) | വെഞ്ഞാറമൂട് ഗവൺമെന്റ് യു.പി സ്കൂളിൽ 1054 കുട്ടികൾ 2015-16 അദ്ധ്യയന വർഷം പഠിക്കുന്നുണ്ട്. |
| ബി) | ഒന്നു മുതൽ ഏഴു വരെയുള്ള ഓരോ ക്ലാസ്സിലും എത്ര കുട്ടികൾ വീതമാണ് ഇപ്പോഴുള്ളതെന്ന് വിശദമാക്കുമോ; | ബി) | <u>ക്ലാസ്സ്</u> — <u>കുട്ടികളുടെ എണ്ണം</u><br>I — 110<br>II — 106<br>III — 92<br>IV — 114<br>V — 203<br>VI — 228<br>VII — 201<br>ആകെ — 1054 |
| സി) | എത്ര ക്ലാസ് മുറികളുടേയും മറ്റ് ഏതെല്ലാം ഭൗതിക സാഹചര്യങ്ങളുടേയും അപര്യാപ്തതയാണ് പ്രസ്തുത സ്കൂളിലുള്ളതെന്ന് വിശദീകരിക്കുമോ; | സി) | എൽ.പി.എസ് ആയിരിക്കെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായിരുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം മുതൽ യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്തിരുന്നു. നിലവിൽ യു.പി വിഭാഗത്തിൽ 632 കുട്ടികൾ ഉണ്ട്. ടി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റ്, യൂറിനൽസ് എന്നിവ ഇല്ല. |

**<u>ആവശ്യമായ മറ്റ് ഭൗതിക സാഹചര്യങ്ങൾ</u>**

| | | |
|---|---|---|
| ക്ലാസ് റൂം | - | 6 എണ്ണം |
| ലൈബ്രറി റൂം | - | 1 എണ്ണം |
| കമ്പ്യൂട്ടർ ലാബ് | - | 1 എണ്ണം |
| ലബോറട്ടറി (സയൻസ്) | - | 1 എണ്ണം |
| സ്റ്റാഫ് റൂം | - | 1 എണ്ണം |
| ബഞ്ച്, ഡസ്ക് | - | 50 ജോടി |

മറ്റ് ഫർണിച്ചറുകൾ
കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ കുടിവെള്ള ടാപ്പുകൾ
ഉച്ചഭക്ഷണശാല
ആഹാരം പാകം ചെയ്യാൻ ആവശ്യമായ പാത്രങ്ങൾ തുടങ്ങിയവ

ഡി) ആവശ്യമായ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും മറ്റ് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഡി) ആവശ്യമായ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും മറ്റ് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ